**ഒരു ച.മീ. തറ വിസ്തീർണ്ണത്തിന് /എണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ**

**(സ.ഉ.77/2023 തസ്വഭവ. തീയതി 22/03/2023 പ്രകാരവും 07/08/2023 തീയതിയിലെ 5(1) തീരുമാനപ്രകാരവും ഭരണസമിതി നിശ്ചയിച്ചത് )**

| ക്രമനമ്പർ | കെട്ടിടങ്ങളുടേയും ഉപവിഭാഗങ്ങളുടേയും വിവരണം | ഈടാക്കാവുന്ന നിരക്ക് (ച.മീ. ന്) |
|---|---|---|
| 1 | **പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്നവ** | |
| a | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങള്, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അധിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ) - 300 ച.മീ. വരെയുള്ളവ | 6.3/- രൂപ |
| b | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികള് വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ ) - 300 ച മീ. മുകളിലുള്ളവ | 8.4/- രൂപ |
| c | സ്വകാര്യ ഹോസ്റ്റൽ | 42/- രൂപ |
| d | റിസോർട്ട് | 89.25/- രൂപ |
| e | ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റു പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ - 300 ച.മീ. വരെയുള്ളവ | 42/- രൂപ |
| f | ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റു പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ - 300 ച.മീ. മുകളിലുള്ളവ | 57.75/- രൂപ |
| 2. | **വ്യവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നവ (ഇവയുടെ ആവശ്യത്തിനായുള്ള ഓഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ)** | |
| a | i) പരമ്പരാഗത വ്യവസായ യൂണിറ്റുകൾ (കൈത്തറി ഷെഡ്, കയർപിരി ഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യസംസ്കരണ ഷെഡ്, മൺ പാത്ര നിർമ്മാണ ഷെഡ്, കൈത്തൊഴിൽ നിർമ്മാണ ഷെഡ് തുടങ്ങിയവ ഉൾപ്പെടെ) | 6.3/- രൂപ |
| | ii) കോഴിവളർത്തൽ ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, പട്ടുനൂൽ ഷെഡ്, സ്റ്റോറേജ് ഷെഡ് | 11.55/- രൂപ |
| | iii) ഇഷ്ടിക ചൂള, തടിമിൽ | 21/- രൂപ |
| b | MSME Act 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്ക്<br>a) Micro Sector<br>b) Small Sector | 12.6/- രൂപ<br>23.1/- രൂപ |
| | c) Medium Sector | 21/- രൂപ |
| C | ഇതര വ്യവസായ ആവശ്യത്തിനുള്ളവ | 47.25/- രൂപ |
| 3. | **വിദ്യാലയങ്ങൾക്കോ ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ** | |

| | | |
|---|---|---|
| a | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ (വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൌണ്ടിൽ വരുന്നതും വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രമായി ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, ക്യാന്റീൻ തുടങ്ങിയവ ഉൾപ്പെടെ) | 6.3/- രൂപ |
| | കുറിപ്പ് - കെട്ടിടങ്ങൾ വിദ്യാഭ്യാസ ആവശ്യത്തിനല്ലാതെ വാടകയ്ക്ക് നൽകുന്നതല്ലന്നും അങ്ങനെ നൽകുന്ന പക്ഷം അപ്രകാരം നൽകുന്ന തീയതി മുതല് അതത് കാലങ്ങളിൽ വാണിജ്യ കെട്ടിടങ്ങൾക്ക് ബാധകമായ വസ്തു നികുതി ഒടുക്കികൊള്ളാമെന്ന് കെട്ടിട ഉടമ മാനേജ്മെന്റ് സത്യവാങ്മൂലം നൽകേണ്ടതാണ്. | |
| b | ആശുപത്രി | 21/- രൂപ |
| **4.** | **അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടെലിഫോൺ ടവർ എന്നിവക്കായി ഉപയോഗിക്കുന്നവ** | |
| a | അമ്യൂസ്മെന്റ് പാർക്കുകൾ | 26.25/- രൂപ |
| b | മൊബൈൽ ടെലിഫോൺ ടവർ | 630/- രൂപ |
| C | ടെലിക്കമ്മ്യൂണിക്കേഷൻ പോളുകൾ (ഓരോന്നിന്) | 630/- രൂപ |
| **5.** | **വാണിജ്യ ആവശ്യത്തിനായി ഉപയോഗിക്കുന്നവ** | |
| a | 100 ച.മീ. വരെയുള്ളവ | 42/- രൂപ |
| b | 100 ച.മീ. മുകളിൽ 500 ച.മീ.വരെയുള്ളവ | 63/- രൂപ |
| C | 500 ച.മീ. മുകളിലുള്ളവ | 84/- രൂപ |
| d | മാളുകൾ | 84/- രൂപ |
| f | സ്വതന്ത്രമായി നിൽക്കുന്നതും മാറ്റി സ്ഥാപിക്കാനാകുന്നതുമായ ബങ്കുകൾ , പെട്ടികടകൾ | 6.3/- രൂപ |
| **6.** | **മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നവ** | |
| a | അസംബ്ലി ബിൽഡിങ്ങ് (കൺവെൻഷന് സെന്റർ, ഓഡിറ്റോറിയം, സിനിമ തീയേറ്റർ, കല്യാണ മണ്ഡപം തുടങ്ങിയവ ഉൾപ്പെടെ) | 26.25/- രൂപ |
| b | ഓഫീസ് കെട്ടിടങ്ങൾ<br>i) സർക്കാർ ഓഫീസുകൾ<br>ii) മറ്റ് ഓഫീസ് കെട്ടിടങ്ങൾ | <br>6.3/- രൂപ<br>42/- രൂപ |
| C | ഗോഡൌൺ ഉൾപ്പെടെയുള്ള സ്റ്റോറേജ് കെട്ടിടങ്ങൾ<br>i) 500 ച. മീ. വരെയുള്ളവ<br>ii) 500 ച. മീ. മുകളിലുള്ളവ | <br>42/- രൂപ<br>78.75/- രൂപ |
| d | സ്വിമ്മിങ്ങ് പൂളുകൾ , ജിംനേഷ്യങ്ങൾ, ടർഫുകൾ (ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കുന്നവ വാണിജ്യ സ്വഭാവത്തോടു കൂടിയവ) | 26.25/- രൂപ |
| | കുറിപ്പ് - വാസ ഗൃഹങ്ങളുടെ ഭാഗമായോ, ഹോട്ടലുകളുടെ ഭാഗമായോ നിർമ്മിച്ചിട്ടുള്ള പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവക്ക് അതാത് വിഭാഗത്തിന്റെ നികുതി | |

| | | |
|---|---|---|
| | നിരക്ക് ബാധകമായിരിക്കും | |
| e | ആയുർവ്വേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ | 168/-രൂപ |

**തദ്ദേശ സ്ഥാപന പരിധിയിൽ അനധികൃത പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടും, ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകളുടെ നിരോധനവുമായി ബന്ധപ്പെട്ടുമുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാർഗ്ഗനിർദ്ദേശം.**

1. 29.08.2019 തീയതിയിലെ സ.ഉ.(എം.എസ്.)നം.111/2019/തസ്വഭവ., 16.02.2020 തീയതിയിലെ സ.ഉ.(എം.എസ്.)നം.04/2020/പരി ഉത്തരവുകൾ പ്രകാരം പരസ്യ പ്രചാരണ ബാനറുകൾ, ബോർഡുകൾ, ഹോർഡിങ്ങുകൾ, ഷോപ്പ് ബോർഡുകൾ, തുടങ്ങിയവയ്ക്ക് പിവിസി ഫ്ലക്സ്, പോളിസ്റ്റർ, നൈലോൺ, കൊറിയൻ ക്ലോത്ത്, പ്ലാസ്റ്റിക് കോട്ടിങ്ങുള്ള തുണി എന്നിവ ഉപയോഗിക്കാൻ പാടില്ല

2. സർക്കാർ നിർദ്ദേശിച്ചതും 100% കോട്ടൻ പ്ലാസ്റ്റിക് ഇല്ലാത്ത പേപ്പർ, റീസൈക്കിൾ ചെയ്യാവുന്ന പോളി എത്തിലിൻ (EPR Registration നമ്പറും കാലാവധിയും) , എന്നിവയിൽ പി.വി.സി ഫ്രീ, റീസൈക്ലബിൾ ലോഗോയും യൂണിറ്റിന്റെ പേരും നമ്പറും മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് നമ്പർ / QR കോഡ് എന്നിവ പതിച്ച് കൊണ്ട് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

3. സർക്കാർ നിർദ്ദേശിച്ച കോട്ടൻ, പോളി എത്തിലിൻ, എന്നിവ നിർമ്മിക്കുന്ന /വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് മുഖാന്തിരം സാമ്പിളുകൾ സമർപ്പിക്കേണ്ടതും യഥാക്രമം കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ടെക്സ്റ്റൈൽ കമ്മിറ്റിയിൽ നിന്നും ടെസ്റ്റ് ചെയ്ത് "100% കോട്ടൻ" എന്ന് സാക്ഷ്യപ്പെടുത്തിയതും C I P E T നിന്നും പിവിസി ഫ്രീ, റീസൈക്ലബിൾ പോളിഎത്തിലീൻ" എന്ന് സാക്ഷ്യപ്പെടുത്തിയതും ആയ വസ്തുക്കൾ മാത്രമേ വില്പന നടത്താൻ പാടുള്ളൂ

4. പൊതു ജനങ്ങളിൽ നിന്നും ആയത് സംബന്ധിച്ച് പരാതി ഉണ്ടാകുന്ന പക്ഷം, CIPET/ടെക്സ്റ്റൈൽ കമ്മിറ്റി മുഖേന സാമ്പിൾ ടെസ്റ്റ് ചെയ്യുന്നതിലേക്ക് KSPCB ക്ക് ആവശ്യമായി വരുന്ന ചെലവ് പരാതിക്കാരൻ വഹിക്കേണ്ടതാണ്. പരാതി വാസ്തവമാണെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം പരാതിക്കാരനിൽ നിന്ന് ഈടാക്കിയ തുക പ്രിൻറിങ് യൂണിറ്റിൽ നിന്നും (പ്രിന്റിങ് യൂണിറ്റിന്റെ വിവരം ലഭ്യമല്ലാത്ത പക്ഷം പരസ്യം നൽകുന്ന സ്ഥാപനം വ്യക്തിയിൽ നിന്നും ) ഈടാക്കി പരാതിക്കാരന് മടക്കി നൽകേണ്ടതാണ്.

5. സംസ്ഥാനത്തെ മുഴുവൻ പരസ്യ പ്രിന്റിങ് സ്ഥാപനങ്ങളിലും "മലിനീകരണ നിയന്ത്രണ ബോർഡ് സർട്ടിഫൈ ചെയ്ത പുനഃചക്രമണം ചെയ്യാവുന്ന പോളി എത്തിലിൻ, 100% കോട്ടൻ എന്നിവ ഉപയോഗിച്ചുള്ള പ്രിന്റിങ് ജോലികൾ മാത്രമേ ഏറ്റെടുക്കുകയുള്ളൂ. ഉപയോഗശേഷമുള്ള പോളി എത്തിലിൻ റീസൈക്ലിങിനായി ഈ സ്ഥാപനത്തിൽ തിരിച്ചേല്പിക്കേണ്ടതാണ്" എന്ന് പൊതുജന ശ്രദ്ധ വരത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണ്.

6 . പ്രോഗ്രാം ഡീറ്റെയിൽസ് അടങ്ങിയ ബാനർ ബോർഡുകൾ പ്രോഗ്രാമിന്റെ തീയതിക്ക് അടുത്ത ദിവസവും, തീയതി വയ്ക്കാത്ത സ്ഥാപനങ്ങളുടെയും മറ്റും പരസ്യ ബാനർ ബോർഡുകൾക്ക് പരമാവധി 30 ദിവസമായി കണക്കാക്കി സ്ഥാപിച്ചവർ തന്നെ 7 ദിവസത്തിനുള്ളിൽ നീക്കം ചെയ്യേണ്ടതാണ്.

7 . അപ്രകാരം ചെയ്യാത്ത പക്ഷം സ്ഥാപിച്ചവരിൽ നിന്ന് കുറഞ്ഞത് സ്ക്വയർ ഫീറ്റിന് 2 0 രൂപ നിരക്കിൽ പിഴയും കൂടാതെ ഡിസ്മാന്റിലിങ് ചാർജ് (നീക്കം ചെയ്യുന്നതിനും, ട്രാൻസ്പോർട്ടേഷൻ ചാർജ്ജസ്, പ്രോസസ്സിംഗ്/ഡിസ്പോസൽ ചാർജ്ജസ് ഉൾപ്പെടെ) ഈടാക്കിക്കൊണ്ട് അതത് നഗരസഭ/ ഗ്രാമപഞ്ചായത്ത് നീക്കം ചെയ്യേണ്ടതാണ്.

8 . ഉപയോഗശേഷമുള്ള പോളി എത്തിലീൻ ഷീറ്റ് പ്രിന്റിങ് യൂണിറ്റിലേക്ക് തന്നെയോ, അംഗീകൃത റീസൈക്ലിങ്ങ് യൂണിറ്റിലേക്കോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിത കർമ്മ സേനയ്ക്ക് ക്ലീൻ കേരള കമ്പനിക്ക് യൂസർ ഫീ നൽകിക്കൊണ്ട് റീസൈക്ലിങിനായി തിരിച്ചേല്പിക്കേണ്ടതാണ്. ഹരിത കർമ്മസേന റീസൈക്ലിങിനായി അംഗീകൃത ഏജൻസികൾക്ക് നൽകി കൊണ്ട് പരസ്യ പ്രിന്റിങ് മേഖലയിൽ സീറോ വേസ്റ്റ് ഉറപ്പ് വരുത്തേണ്ടതാണ്.

9. 29.08.2019 തീയതിയിലെ സ.ഉ.(എം.എസ്.) നം.111/2019/തസ്വഭവ., 16.02.2020 തീയതിയിലെ സ.ഉ.(എം.എസ്.) നം.04/2020/പരി ഉത്തരവുകൾ പ്രകാരം പരസ്യ പ്രചാരണ ബോർഡുകളിൽ പിവിസി ഫ്രീ ലോഗോയും പ്രിന്റിങ് യൂണിറ്റിന്റെ പേരും നമ്പറും പതിക്കൽ നിർബന്ധമാണ്. ഇത്തരത്തിൽ പിവിസി ഫ്രീ, റീസൈക്ലബിൾ ലോഗോയും പ്രിന്റിങ് യൂണിറ്റിന്റെ പേരും നമ്പറും, രണ്ടും പതിക്കാതെ സ്ഥാപിച്ചിട്ടുള്ളതും പിവിസി ഫ്ലക്സ്, പോളിസ്റ്റർ, നൈലോൺ, കൊറിയൻ ക്ലോത്ത്, പ്ലാസ്റ്റിക് കോട്ടിങ്ങുള്ള തുണി തുടങ്ങിയ നിരോധിത വസ്തുക്കളിൽ സ്ഥാപിച്ചിട്ടുള്ളതുമായ മുഴുവൻ പരസ്യ പ്രചാരണ ബോർഡുകൾ, ഹോർഡിങ്ങുകൾ, ഷോപ്പ് ബോർഡുകൾ തുടങ്ങിയവ നിയമ വിരുദ്ധമായി കണ്ട്, ഉത്തരവ് തീയതി മുതൽ 3 0 ദിവസത്തിനകം തദ്ദേശ സ്വയംഭരണ സ്ഥാപനം എടുത്ത് മാറ്റേണ്ടതാണ്.

10. നിരോധിത പ്രിന്റിംഗ് മെറ്റീരിയലുകളിൽ നിയമ പാലകരെ തെറ്റിദ്ധരിപ്പിക്കും വിധം പിവിസി ഫ്രീ, റീസൈക്ലബിൾ ലോഗോയും പ്രിന്റിങ് യൂണിറ്റിന്റെ പേരും പതിച്ച് കൊണ്ടുള്ള പരസ്യ പ്രചാരണ ബോർഡുകൾ, ഹോർഡിങ്ങുകൾ, ഷോപ്പ് ബോർഡുകൾ സ്ഥാപിച്ചതായി കണ്ടെത്തുന്ന പക്ഷം പ്രിന്റ് ചെയ്ത സ്ഥാപനത്തിന്റെ, പരസ്യ ബോർഡുകൾ സ്ഥാപിക്കുന്ന ഏജൻസിയുടെ ലൈസൻസ് /പെർമിറ്റ് റദ്ദ് ചെയ്യേണ്ടതാണ്.

1 1 . മലിനീകരണ നിയന്ത്രണ ബോർഡിന്റെ 1 0 . 0 1 . 2 0 2 1 തീയതിയിലെ പിസിബി/എച്ച്ഒ/എസ്ഇഇ3/ടെക്ക്/ 9 1 / 2 0 2 0 നമ്പർ സർക്കുലർ കാലാകാലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നത് പ്രകാരമുള്ള അംഗീകൃത പ്രിന്റിങ് മെറ്റീരിയൽ ഡീലർ സ്ഥാപനങ്ങളിൽ പരിശോധന നടത്തി നിരോധിത വസ്തുക്കൾ വില്പന നടത്തുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1 2 . നിയമ വിരുദ്ധമായി സ്ഥാപിക്കുന്ന ബോർഡുകൾ, ഹോർഡിങ്ങുകൾ, ഷോപ്പ് ബോർഡുകൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതിപ്പെടാനുള്ള പരാതി സെൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും, ജില്ലാ ശുചിത്വ മിഷനുകളിലും രൂപീകരിക്കേണ്ടതാണ്.

13. "പരസ്യ - പ്രചാരണ ബോർഡുകൾ, ബാനറുകൾ, ഹോർഡിങ്ങുകൾ എന്നിവ സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി ആവശ്യമാണെന്ന്" എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ പരസ്യപ്പെടുത്തേണ്ടതും, അനുമതിക്കായി സമർപ്പിക്കുന്ന അപേക്ഷകൾ

സംബന്ധിച്ച് താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതുമാണ്.

1. 29.08.2019 തീയതിയിലെ സ.ഉ.(എം.എസ്.) നം.111/2019/തസ്വഭവ. ഉത്തരവ് പ്രകാരമോ പരമാവധി ഒരു സാമ്പത്തിക വർഷത്തേക്കോ ആണ് അനുമതി നൽകേണ്ടത്

2. അപേക്ഷകനിൽ നിന്നും 200 രൂപ മുദ്രപത്രത്തിൽ "പരസ്യ പ്രചാരണ ബാനറുകൾ, ബോർഡുകൾ, ഹോർഡിങ്ങുകൾ, കമാനങ്ങൾ മുതലായവ പൊതുനിരത്തുകളിൽ സ്ഥാപിച്ചതുമൂലം എന്തെങ്കിലും അപകടം സംഭവിച്ചാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്തവും, നഷ്ടപരിഹാരം നൽകേണ്ടി വന്നാൽ അതിന്റെ പൂർണ്ണ ബാധ്യതയും ഏറ്റെടുത്തുകൊള്ളാമെന്നും, പരസ്യ പ്രചാരണ ബോർഡുകൾ, ബാനറുകൾ, ഷോപ്പ് ബോർഡുകൾ, ഹോർഡിങ്ങുകൾ ഇടങ്ങിയവയിൽ നിരോധിത പിവിസി ഫ്ളക്സ് പോളിസ്റ്റർ, നൈലോൺ, കൊറിയൻ ക്ലോത്ത് എന്നിവ ഉപയോഗിക്കില്ലെന്നും, സർക്കാർ നിർദ്ദേശിച്ചതും മലിനീകരണ നിയന്ത്രണ ബോർഡ് സർട്ടിഫൈ ചെയ്തതുമായ 100% കോട്ടൻ /പേപ്പർ /റീസൈക്കിൾ ചെയ്യാവുന്ന പോളി എത്തിലിൻ എന്നിവയിൽ പിവിസി ഫ്രീ, റീസൈക്ലബിൾ ലോഗോയും പ്രിന്റിങ് യൂണിറ്റിന്റെ പേരും നമ്പറും പതിച്ച് കൊണ്ടുള്ള പ്രിന്റുകൾ മാത്രമേ ഉപയോഗിക്കുകയുള്ളൂ എന്നും, കാലാവധി കഴിഞ്ഞാൽ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും ആയത് എടുത്ത് മാറ്റുന്നതാണെന്നും ഇതിനാൽ സത്യപ്രസ്താവന ചെയ്യുന്നു. വീഴ്ച വരുത്തിയാൽ എന്റെ പേരിലുള്ള ലൈസൻസ്/രജിസ്ട്രേഷൻ/ പെർമിറ്റ് മുന്നറിയിപ്പില്ലാതെ റദ്ദ് ചെയ്യപ്പെടുമെന്നും നിയമ നടപടി നേരിടേണ്ടിവരുമെന്നും എനിക്ക് അറിവുള്ളതാണ്. " എന്ന സത്യവാങ്മൂലം/ കരാർ എഴുതി വാങ്ങേണ്ടതും അനുമതി നമ്പർ (MM/YYYY/NUMBER) നൽകേണ്ടതുമാണ്.

3. തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള അനുമതി നമ്പർ പരസ്യ പ്രചാരണ ബോർഡുകൾ/ ഹോർഡിങ്ങുകളുടെ താഴെ വലതു വശത്തായി പ്രദർശിപ്പിക്കേണ്ടതാണെന്ന നിബന്ധന അനുമതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

4 . നിലവിലെ ബോർഡുകൾക്ക് അനുവദിച്ച കാലയളവിന് ശേഷം, സ്ഥാപനങ്ങളിൽ നിന്നുള്ള അനുമതി നമ്പർ പതിക്കാതെ സ്ഥാപിച്ച മുഴുവൻ ബോർഡുകളും ഹോർഡിങ്ങുകളും നിയമ വിരുദ്ധമായി കണ്ട് മാറ്റാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

5 . അപേക്ഷയോടൊപ്പം സ്ഥാപിക്കുന്ന സ്ഥലം, സ്ഥല ഉടമയുടെ വിശദാംശങ്ങൾ സമ്മതപത്രം, ലൊക്കേഷൻ പ്ലാൻ, പരസ്യത്തിന്റെ വിസ്തീർണ്ണം, എഗ്രിമെന്റ്, ക്ഷമതയുള്ള അധികാരിയുടെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ്, ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്, സ്ഥാപിക്കുന്ന കാലയളവ്, ഒന്നിലധികം സാമ്പത്തിക വർഷത്തേക്കാണെങ്കിൽ അടുത്ത സാമ്പത്തിക വർഷം അപേക്ഷ പുതുക്കുന്നതാണെന്ന സാക്ഷ്യപത്രം എന്നിവ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

6 . പരസ്യ പ്രചരണ ബോർഡിന് /ഹോർഡിങ്ങിന് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കിയശേഷം മാത്രം അനുമതി നൽകേണ്ടതാണ്.

7 . മുനിസിപ്പൽ കോർപറേഷൻ പരസ്യ ചട്ടങ്ങളിൽ ഭേദഗതി ചെയ്ത് കൊണ്ടുള്ള 25.02.2021 തീയതിയിലെ 15/2021/ത.സ്വ.ഭ.വ നമ്പർ വിജ്ഞാപനം പ്രകാരമുള്ള ഫീസും മാനദണ്ഡങ്ങളും അനുസരിച്ച് മാത്രം മുനിസിപ്പാലിറ്റി മുനിസിപ്പൽ കോർപറേഷൻ പരിധികളിൽ പരസ്യ പ്രചാരണ കമാനങ്ങൾ, ബോർഡുകൾ, ഹോർഡിങ്ങുകൾ, ഷോപ്പ് ബോർഡുകൾ തുടങ്ങിയവ സ്ഥാപിക്കുകയുള്ളൂ എന്ന് ഉറപ്പുവരുത്തുക.

8. ഷോപ്പ് ബോർഡുകൾക്ക് നിലവിലെ ലൈസൻസ് പുതുക്കി നൽകുമ്പോഴും പുതുതായി ലൈസൻസ് നൽകുമ്പോഴും 100% കോട്ടൺ, പോളി എത്തിലിൻ എന്നിവയിൽ നിയമം അനുശാസിക്കുന്ന രീതിയിൽ പിവിസി ഫ്രീ, റീസൈക്ലബിൾ ലോഗോയും പ്രിന്റിങ് യൂണിറ്റിന്റെ പേരും മറ്റും പതിച്ച് കൊണ്ട് സ്ഥാപിച്ചതാണെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രം ലൈസൻസ് അനുവദിക്കുക.

14 . ലോഗോ, പ്രിന്റിങ് യൂണിറ്റിന്റെ പേര് തുടങ്ങിയ വ്യവസ്ഥകൾ പാലിക്കാതെയും നിരോധിത വസ്തുക്കളിൽ പ്രിന്റ് ചെയ്യുകയോ/സ്ഥാപിക്കുകയോ ചെയ്യുന്ന സ്ഥാപനങ്ങൾക്കെതിരെ 27.11.2019-ലെ സ.ഉ.(എം.എസ്.) നം. 06/2019/പരി സർക്കാർ ഉത്തരവ് പ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്

1 5 പരസ്യ പ്രചാരണ മേഖലയുമായി ബന്ധപ്പെട്ടുള്ള മേൽ നിർദ്ദേശങ്ങൾ പൊതുജനത്തിന്റെ/ബന്ധപ്പെട്ടവരുടെ അറിവിലേക്ക് എത്തിക്കുന്നതിന് ആവശ്യമായ വിവര-വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ നടപടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

16. മേൽ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് എല്ലാ മാസവും തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ LSGD ജില്ലാ ജോയിന്റ് ഡയറക്ടർമാർക്ക് സമർപ്പിക്കേണ്ടതാണ്.

17. LSGD ജില്ലാ ജോയിന്റ് ഡയറക്ടർമാർ ഈ വിഷയവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പ്രതിമാസ റിപ്പോർട്ട് നഗരകാര്യ ഡയറക്ടർക്കും പഞ്ചായത്ത് ഡയറക്ടർക്കും സമർപ്പിക്കേണ്ടതും ആയത് പരിശോധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നൽകേണ്ടതുമാണ്.

SARADA MURALEEDHARAN I A S

ADDITIONAL CHIEF SECRETARY

# മീനച്ചിൽ ഗ്രാമ പഞ്ചായത്ത് പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെൻറ് അന്തിമ ബൈലോ പ്രകാരം അംഗീകരിച്ചിട്ടുള്ള ഹരിത കർമ്മ സേന യൂസർ ഫീ

**അനുബന്ധം - 1**

മീനച്ചിൽ ഗ്രാമ പഞ്ചായത്ത്

**പ്ലാസ്റ്റിക് മാലിന്യം കൈമാറുമ്പോഴുള്ള യൂസർ ഫീ**

**(പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലാ ഖണ്ഡികകൾ 5(എ) (4), 5(ബി)(4) കാണുക)**

| ക്രമ നം | വിഭാഗം | ഫീസ് |
|---|---|---|
| | (2) | (3) |
| 1 | വാസഗൃഹങ്ങൾ | 50 |
| 2 | സ്ഥാപനങ്ങൾ/വഴിയോര കച്ചവടക്കാർ/ കാറ്ററിംഗ് യൂണിറ്റുകൾ/ ഇവിടെ പ്രതിപാദിക്കാത്ത മറ്റു മാലിന്യ ഉത്പാദകർ | 100 |
| എ | പ്ലാസ്റ്റിക് പാക്കിംഗ് കവറുകൾ/ സമാന സ്വഭാവത്തോട് കൂടിയവ ഓരോ 100 ഗ്രാമിനോ അതിന്റെ ഭാഗത്തിനോ | 2 |
| ബി | മറ്റു പ്ലാസ്റ്റിക് മാലിന്യങ്ങൾ ഓരോ 100 ഗ്രാമിനോ അതിന്റെ ഭാഗത്തിനോ | 5 |
| 3 | 100 പേരിൽ കൂടുതൽ ആൾക്കാർ പങ്കെടുക്കുന്ന പരിപാടികൾ നടത്തുന്നവർ ഒടുക്കേണ്ട അടിസ്ഥാന യൂസർഫീ | 250 |

*(ക്രമനമ്പർ ഒന്നിൽ വരുന്ന ഫ്ളാറ്റുകൾ, റസിഡന്റ് ഏരിയകൾ, റസിഡന്റ് ഏരിയകൾ എന്നിവ ഓരോ വ്യത്യസ്ത വീടും ഫ്ളാറ്റും വ്യത്യസ്തമായി കണക്കാക്കുന്നതാണ്)*

സുശീൽ എം.
സെക്രട്ടറി
മീനച്ചിൽ ഗ്രാമപഞ്ചായത്ത്
ഫോൺ: 04822 236337
മൊബൈൽ: 9496044663

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഹരിതകർമ്മസേന യൂസർ ഫീസ് ഈടാക്കുന്നത് - സ്പഷ്ടീകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2481/2023/LSGD തീയതി,തിരുവനന്തപുരം, 13-12-2023

---

പരാമർശം:- 1. 12.08.2020 ലെ സ.ഉ.(സാധാ)നം 1496/2020/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്

**<u>ഉത്തരവ്</u>**

ഹരിതകർമ്മസേന യൂസർ ഫീസ് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള പരാമർശ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് താഴെ പറയും പ്രകാരം സ്പഷ്ടീകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>1.അഗതി, ആശ്രയ അതിദരിദ്ര വിഭാഗക്കാർക്ക് യൂസർ ഫീസിലുള്ള ഇളവ് നൽകുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനം വഹിക്കേണ്ടതാണ്.</u>**

പരാമർശം 1 സർക്കാർ ഉത്തരവിലെ ഖണ്ഡിക 21(ii)-ൽ ബി. പി. എൽ, ആശ്രയ കുടുംബാംഗങ്ങളുടെ യൂസർ ഫീ ഇളവ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. കേവലം ബി പി എൽ എന്ന് ഉത്തരവിൽ രേഖപ്പെടുത്തിയിരിക്കുന്നത് യൂസർ ഫീസ് ഇളവ് നൽകേണ്ട കുടുംബങ്ങൾ സംബന്ധിച്ച് അവ്യക്തതയ്ക്ക് കാരണമാകാൻ സാധ്യതയുണ്ട്. ആയതിനാൽ പരാമർശം 1 ഉത്തരവിലെ 21(ii)-ൽ അഗതി, ആശ്രയ, അതിദരിദ്ര കുടുംബങ്ങൾ എന്നാക്കി ഭേദഗതി വരുത്തുന്നു. കൂടാതെ യൂസർ ഫീ ഇളവിന് അർഹതയുള്ള മറ്റു കുടുംബങ്ങൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ട ഗ്രാമസഭ/വാർഡുസഭയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇളവ് നൽകാവുന്നതാണ്. ഇത്തരത്തിൽ യൂസർഫീ ഒഴിവാക്കുന്ന കുടുംബങ്ങളുടെ യൂസർ ഫീസിന്റെ തുക തദ്ദേശ സ്വയംഭരണ സ്ഥാപനം ഹരിതകർമ്മസേനയ്ക്ക് നൽകേണ്ടതാണ്. ഇതിനായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുക വകയിരുത്താവുന്നതാണ് .

**<u>2.പൂട്ടിയിട്ടിരിക്കുന്ന കെട്ടിടങ്ങൾക്ക് യൂസർ ഫീസ് ഒഴിവാക്കുന്നത് സംബന്ധിച്ച്</u>**

കെട്ടിടം പൂട്ടിക്കിടക്കുന്നതായും ടി കെട്ടിടത്തിൽ മാലിന്യം ഉൽപാദിക്കുന്നില്ലെന്നുള്ള കെട്ടിട ഉടമയുടെ സ്വയം സാക്ഷ്യപ്പെടുത്തലിന്റെയും തുടർന്നുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിശോധനയുടെയും അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയ്ക്ക് യൂസർ ഫീസ് ഒഴിവാക്കി നൽകാവുന്നതാണ്. ഇത്തരത്തിൽ യൂസർ ഫീസ് ഒഴിവാക്കിയ കെട്ടിടം ഉപയോഗിക്കുന്നില്ലെന്നും, മാലിന്യം ഉൽപാദിപ്പിക്കുന്നില്ലെന്നും ബന്ധപ്പെട്ട ഹരിത കർമ്മസേന ഉറപ്പ് വരുത്തേണ്ടതുമാണ്. യൂസർ

ഫീസ് ഒഴിവാക്കിയ കെട്ടിടം ഉപയോഗിക്കുന്നതായും മാലിന്യം ഉൽപ്പാദിപ്പിക്കുന്നതായും ബന്ധപ്പെട്ട ഹരിത കർമ്മസേന തദ്ദേശ സ്ഥാപനത്തിന് റിപ്പോർട്ട് ചെയ്യുകയാണെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി/ഉദ്യോഗസ്ഥൻ നേരിട്ട് അന്വേഷണം നടത്തേണ്ടതും, കെട്ടിടം ഉപയോഗിക്കുന്നതായും മാലിന്യം ഉൽപ്പാദിപ്പിക്കുന്നതായും ബോധ്യപ്പെടുകയാണെങ്കിൽ, ടി കെട്ടിടത്തിന് യൂസർ ഫീസും, നിയമലംഘനത്തിന് നിലവിലുള്ള പരമാവധി പിഴയും ഈടാക്കാവുന്നതാണ്.

**3.വാടക കെട്ടിടങ്ങളുടെ യൂസർ ഫീസ്**

ഖരമാലിന്യം ചട്ടം പ്രകാരം മാലിന്യം ഉൽപ്പാദകരുടെ പൂർണ്ണ ഉത്തരവാദിത്തമാണ് മാലിന്യ സംസ്കരണം. ആയതിനാൽ വാടക കെട്ടിടം ഉപയോഗിക്കുന്നവർ തദ്ദേശ സ്വയംഭരണ സ്ഥാപനം ചുമത്തിയിട്ടുള്ള യൂസർ ഫീസ് അടയ്ക്കാൻ ബാധ്യസ്ഥരാണ്. ഇതു സംബന്ധിച്ച ഉടമ്പടി (യൂസർ ഫീസ് ഉൾപ്പെടെ വാടകയിൽ ഉൾപ്പെടുത്തി കെട്ടിട ഉടമ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അടവാക്കുന്നത്/ യൂസർ ഫീസ് വാടകക്കാർ നേരിട്ട് അടവാക്കുന്നത്) കെട്ടിട ഉടമയും വാടകക്കാരും തമ്മിലുള്ള വാടക കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്.

**4.വാടക കെട്ടിടം അഗതി, ആശ്രയ അതിദരിദ്ര വിഭാഗക്കാരാണ് ഉപയോഗിക്കുന്നതെങ്കിൽ**

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി/ ഉദ്യോഗസ്ഥന്റെ അന്വേഷണത്തിൽ അഗതി, ആശ്രയ, അതിദരിദ്ര വിഭാഗക്കാർ വാടക കെട്ടിടം താമസത്തിനാണ് ഉപയോഗിക്കുന്നതെങ്കിൽ ടി കെട്ടിടത്തിന്റെ യൂസർ ഫീസ് ബന്ധപ്പെട്ട ഗ്രാമസഭ/വാർഡു സഭകളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് പരമാവധി 6 മാസം വരെ ഒഴിവാക്കി നൽകാവുന്നതാണ്. 6 മാസത്തിനു ശേഷം ടി അവസ്ഥ തുടരുകയാണെന്ന് തദ്ദേശ സ്ഥാപന സെക്രട്ടറിയ്ക്ക് ബോധ്യപ്പെടുകയാണെങ്കിൽ പരമാവധി 6 മാസ കാലയളവ് വരെ യൂസർ ഫീസ് ഒഴിവാക്കിയ ഉത്തരവ് നീട്ടി നൽകാവുന്നതാണ്

അഗതി, ആശ്രയ, അതിദരിദ്ര വിഭാഗക്കാർ വാടക കെട്ടിടം വാണിജ്യാവശ്യത്തിനാണ് ഉപയോഗിക്കുന്നതെങ്കിൽ യൂസർ ഫീസ് ഒഴിവാക്കാൻ സാധിക്കുകയില്ല. എന്നാൽ അതിദാരിദ്ര നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി ഉപജീവനം നടത്തുന്ന സംരംഭകരുടെ യൂസർ ഫീസ് ഒരു നിശ്ചിത കാലയളവ് വരെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഒഴിവാക്കി നൽകാവുന്നതാണ്.

**മേൽ പറയുന്ന ഭേദഗതികളോടെ പരാമർശ ഉത്തരവ് നിലനിൽക്കുന്നതാണ്.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

**കോർഡിനേറ്റർ നവകേരളം കർമ്മപദ്ധതി 2**

**പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം**
**എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ**

സ.ഉ.(സാധാ) നം.2481/2023/LSGD

എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ , കെ എസ് ഡബ്ല്യൂ എം പി
ഡയറക്ടർ ജനറൽ , കില
എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
M.k.pradeesh Kumar
സെക്ഷൻ ഓഫീസർ
Date: 13-12-2023 15:36:10

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്

Sectt. 37. 306/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

നം.64604/ആർ.എ1/2013/തസ്വഭവ.

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്.
തിരുവനന്തപുരം, തീയതി, 27.11.2013.

## സർക്കുലർ

*വിഷയം :* *തദ്ദേശസ്വയംഭരണ വകുപ്പ് - കെട്ടിട നിർമ്മാണത്തിനായി സ്ഥലം വാങ്ങുമ്പോഴും, വീടുകൾ, ഫ്ളാറ്റുകൾ, കടമുറികൾ, മറ്റ് കെട്ടിടങ്ങൾ എന്നിവ വാങ്ങുമ്പോഴും പൊതുജനങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ - സംബന്ധിച്ച്.*

*സൂചന :* *03.11.2007 ലെ 66500/ആർ.എ1/07/തസ്വഭവ നമ്പർ സർക്കുലർ.*

സംസ്ഥാനത്ത് കെട്ടിട നിർമ്മാണത്തിനായി സ്ഥലം വാങ്ങുമ്പോഴും, വീടുകൾ, ഫ്ളാറ്റുകൾ, കടമുറികൾ എന്നിവ വാങ്ങുമ്പോഴും പൊതുജനങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് സൂചനയിലെ സർക്കുലർ പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ, പ്രസ്തുത മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചതിനു ശേഷവും ഭൂമി/കെട്ടിടം വാങ്ങുമ്പോൾ പൊതുജനങ്ങൾ കബളിപ്പിക്കപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ടൗൺ പ്ലാനിംഗ് സ്കീമുകൾ, ഹെറിറ്റേജ് സോൺ, തീരദേശ പരിപാലന നിയമം എന്നിവ പാലിച്ചാണോ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളതെന്നത് സംബന്ധിച്ചും, വാങ്ങാനുദ്ദേശിക്കുന്ന ഭൂമി ഏത് തരത്തിൽപ്പെടുന്നതാണെന്നുള്ളത് സംബന്ധിച്ചുമുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിന് ആരെ സമീപിക്കണമെന്ന് പലർക്കും ഇപ്പോഴും അറിയുവാൻ കഴിയുന്നില്ല. ആയതിനാൽ ഭൂമി/കെട്ടിടങ്ങൾ വാങ്ങുമ്പോൾ പൊതുജനങ്ങൾ താഴെ പറയുന്ന മാർഗ്ഗനിർദേശങ്ങൾ ശ്രദ്ധിക്കേണ്ടതാണെന്ന് വീണ്ടും ഓർമ്മിപ്പിക്കുന്നു.

## I. കെട്ടിട നിർമ്മാണത്തിന് പ്ലോട്ടുകൾ വാങ്ങുമ്പോൾ മുഖ്യമായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. വാങ്ങിക്കുന്ന സ്ഥലം, ഉദ്ദേശിക്കുന്ന കെട്ടിടം നിർമ്മിക്കുവാൻ സാധിക്കുന്നതാണോയെന്ന് കെട്ടിട നിർമ്മാണ ചട്ടപ്രകാരം രജിസ്റ്റർ ചെയ്ത ലൈസൻസികൾ മുഖേന ഉറപ്പുവരുത്തേണ്ടതാണ്.
2. പ്രസ്തുത സ്ഥലം ടൗൺ പ്ലാനിംഗ് സ്കീമിൽ ഉൾപ്പെട്ടതാണോയെന്ന് ലൊക്കേഷൻ പ്ലാൻ കാണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും അറിയാവുന്നതാണ്. ഇതിന് സ്ഥലം ഉൾപ്പെട്ട വില്ലേജും, സർവ്വേ നമ്പരും, സ്ഥലത്തിന്റെ ലൊക്കേഷൻ പ്ലാനും സഹിതം തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ബന്ധപ്പെടാവുന്നതാണ്.
3. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പ്രസ്തുത സ്ഥലത്ത് നിർമ്മാണം നടത്തുവാൻ സാധിക്കുമോ എന്നറിയാൻ രജിസ്റ്റർ ചെയ്ത ലൈസൻസികളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. സംശയം ഉള്ളപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനത്തേയോ, ജില്ലാ ടൗൺ പ്ലാനറുടെ ഓഫീസിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കിനെയോ സമീപിക്കേണ്ടതാണ്.
4. അംഗീകൃത പദ്ധതികൾപ്രകാരം, റോഡ് വീതികൂട്ടുന്നതിന് പ്ലോട്ടിൽ നിന്നും സ്ഥലം വിടേണ്ടതുണ്ടെങ്കിൽ അതിനു ശേഷം ബാക്കി വരുന്ന പ്ലോട്ടിൽ മാത്രമേ നിർമ്മാണം നടത്തുവാൻ സാധിക്കുകയുള്ളു. റോഡ് വീതികൂട്ടുന്നതിന് ആവശ്യമായ സ്ഥലം ടൗൺ പ്ലാനിംഗ് സ്കീമിൽ പറഞ്ഞിട്ടുള്ള പക്ഷം അത് എത്രയെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നോ, ജില്ലാ ടൗൺ പ്ലാനറിൽ നിന്നോ അറിയാവുന്നതാണ്.

5. റോഡ് വീതി കൂട്ടുന്നതിനോ, വികസിപ്പിക്കുന്നതിനോ ആവശ്യമായ സ്ഥലം സൗജന്യമായി നൽകുകയാണെങ്കിൽ ആയതിന് രേഖാമൂലം തെളിവ് വാങ്ങിയിരിക്കേണ്ടതും, അപ്രകാരം സൗജന്യമായി നൽകുന്ന സ്ഥലത്തിന് കെട്ടിടനിർമ്മാണ ചട്ടപ്രകാരമുള്ള പ്രത്യേക ആനുകൂല്യം ബിൽഡിംഗ് പെർമിറ്റ് വാങ്ങുന്ന സമയത്ത് ലഭ്യമാക്കാവുന്നതാണ്.
6. സംരക്ഷിത സ്മാരകങ്ങൾ, തീരദേശ പ്രദേശങ്ങൾ തുടങ്ങിയവയ്ക്ക് ബാധകമായിട്ടുള്ള എന്തെങ്കിലും നിയന്ത്രണങ്ങൾ പ്രസ്തുത സ്ഥലത്തിന് ബാധകമാണോ എന്ന് പരിശോധിക്കേണ്ടതാണ്. ഇക്കാര്യം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിൽ നിന്നും (STED) അറിയാവുന്നതാണ്.
7. വിമാനത്താവളം, റെയിൽവേ ബൗണ്ടറി, സൈനിക കേന്ദ്രങ്ങൾ, പുരാവസ്തു സംരക്ഷിത സ്മാരകങ്ങൾ തുടങ്ങിയവയ്ക്ക് ചുറ്റുമുള്ള പ്ലോട്ടുകളാണെങ്കിൽ പ്ലോട്ട് വാങ്ങുന്നതിനുമുമ്പ് ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി വാങ്ങുന്നത് നന്നായിരിക്കും.
8. ഹൈ-ടെൻഷൻ വൈദ്യുതി ലൈനുകൾക്ക് സമീപമുള്ള പ്ലോട്ടുകൾ കഴിവതും ഒഴിവാക്കുക.
9. ഭൂവിഭജനം നടന്നിട്ടുള്ള പ്ലോട്ടുകൾ വാങ്ങുന്നതിനുമുമ്പ് അവയ്ക്ക് ജില്ലാ ടൗൺ പ്ലാനറുടെയോ, ചീഫ് ടൗൺ പ്ലാനറുടെയോ ലേ ഔട്ട് അംഗീകാരം ഉണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ലേ ഔട്ട് അംഗീകാരം ലഭ്യമായ പ്ലോട്ടുകൾ മാത്രം വാങ്ങുക.

## II. <u>കെട്ടിടങ്ങൾ, ഫ്ളാറ്റുകൾ, കടമുറികൾ എന്നിവ വാങ്ങുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ</u>

1. വാങ്ങുവാൻ ഉദ്ദേശിക്കുന്ന കെട്ടിടം/ഫ്ളാറ്റുകൾ/കടമുറികൾ എന്നിവ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/പഞ്ചായത്ത് എന്നിവയിൽ നിന്നും നിയമപ്രകാരം പെർമിറ്റ് വാങ്ങി നിർമ്മിച്ചതാണോയെന്ന് ഉറപ്പുവരുത്തേണ്ടതാണ്. നിയമാനുസൃതം ലഭിച്ച പെർമിറ്റ് കെട്ടിടം വാങ്ങുന്നതിനു മുൻപ് പരിശോധിക്കണം. കൂടാതെ കെട്ടിടത്തിന് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനം ബിൽഡിംഗ് നമ്പർ നൽകിയിട്ടുണ്ടോയെന്നും പരിശോധിക്കേണ്ടതാണ്.
2. വാങ്ങുവാൻ ഉദ്ദേശിക്കുന്ന കെട്ടിടം നേരിട്ട് സന്ദർശിച്ച ശേഷം മാത്രം വാങ്ങണമോയെന്ന് തീരുമാനം എടുക്കുക. പരസ്യങ്ങൾ, മോഡലുകൾ എന്നിവ മാത്രം കണ്ട് കെട്ടിടം വാങ്ങുന്നതിന് ഉറപ്പു നൽകാതിരിക്കുക.
3. രേഖകൾ പരിശോധിച്ച് ബോദ്ധ്യം വന്നശേഷം മാത്രം അഡ്വാൻസ്, ഉടമ്പടി, രജിസ്ട്രേഷൻ എന്നിവ നടത്തുക.
4. പ്ലോട്ടു വിഭജനം നടത്തിയിട്ടുള്ള പ്ലോട്ടിലെ കെട്ടിടങ്ങൾ വാങ്ങുമ്പോൾ ടൗൺ പ്ലാനർ/ ചീഫ് ടൗൺ പ്ലാനർ എന്നിവരിൽ നിന്നും ലേ ഔട്ട് അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്നും ഉറപ്പുവരുത്തേണ്ടതാണ്. അവയുമായി ബന്ധപ്പെട്ട വിശദീകരണങ്ങൾ ജില്ലാ ടൗൺ പ്ലാനർമാരിൽ നിന്നോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ അറിയാവുന്നതാണ്.
5. ഫ്ളാറ്റ്/കെട്ടിടം എന്നിവ വാങ്ങുമ്പോൾ റോഡിൽ നിന്നും ആവശ്യമായ വീതി, കാർപാർക്കിംഗിന് ആവശ്യമായ സ്ഥലം, വെള്ളം, വൈദ്യുതി, മാലിന്യ നിർമ്മാർജ്ജനം ഇവയ്ക്കാവശ്യമായ ക്രമീകരണങ്ങൾ എന്നിവ ഉണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.
6. ഫ്ളാറ്റുകൾ വാങ്ങുമ്പോൾ സ്ട്രക്ച്ചറൽ ഡിസൈൻ അംഗീകരിച്ചിട്ടുണ്ടോയെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അറിഞ്ഞിരിക്കേണ്ടതാണ്. നിലവിലുള്ള കെട്ടിടത്തിന്റെ മുകളിൽ വീണ്ടും നിർമ്മിച്ചു നൽകുന്ന കെട്ടിടങ്ങൾ/ഫ്ളാറ്റുകൾ എന്നിവയുടെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി പുന:പരിശോധിച്ച് ഉറപ്പാക്കിയ ശേഷം മാത്രം ഇവ വാങ്ങുന്നതിന് തീരുമാനിക്കുക.
7. സർക്കാർ സ്ഥാപനങ്ങളോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്ന കെട്ടിടങ്ങൾ അനധികൃതമാണെന്ന് അറിയുന്ന പക്ഷം (തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും) അവ വാങ്ങുന്നത് ഒഴിവാക്കുക.

8. വിമാനത്താവളം, റയിൽവേ ബൗണ്ടറി, സൈനിക കേന്ദ്രങ്ങൾ, പുരാവസ്തു സംരക്ഷിത സ്മാരകങ്ങൾ തുടങ്ങിയവയ്ക്ക് ചുറ്റുമുള്ള പ്രദേശങ്ങളിലെ നിർമ്മാണ നിയന്ത്രണങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് കെട്ടിടം വാങ്ങുന്നതിന് മുൻപ് ഉറപ്പുവരുത്തേണ്ടതാണ്.
9. ഹൈ-ടെൻഷൻ വൈദ്യുതി ലൈനുകൾക്ക് സമീപമുള്ള നിർമ്മാണങ്ങൾ ആവശ്യമുള്ള ദൂരപരിധി പാലിച്ചുകൊണ്ടാണോയെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
10. ഇടനിലക്കാരെ ഒഴിവാക്കുക.
11. കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ടൗൺ പ്ലാനിംഗ് സ്കീമുകൾ, ഹെറിറ്റേജ് മേഖലയിൽ ഉൾപ്പെട്ട സ്ഥലങ്ങൾ എന്നിവയെക്കുറിച്ച് സംശയങ്ങൾ ഉള്ള പക്ഷം എല്ലാ ബുധനാഴ്ചയും രാവിലെ 10.30 മുതൽ വൈകിട്ട് 4.30 വരെ എല്ലാ ജില്ലാ ടൗൺ പ്ലാനർമാരുടെ ഓഫീസുകളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക്കിന്റെ സേവനം പ്രയോജനപ്പെടുത്തുക.

**ജെയിംസ് വർഗ്ഗീസ്**
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ്.

1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
4. കോർപ്പറേഷൻ സെക്രട്ടറി, തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്
5. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്).
6. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം – 695 581 (തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
7. പബ്ലിക് റിലേഷൻസ് ഡയറക്ടർ (പത്ര ദൃശ്യമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകാൻ നടപടിയെടുക്കേണ്ടതാണ്)

പകർപ്പ് :

1. പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്
4. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്
5. ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.ക്ക്
6. തദ്ദേശസ്വയംഭരണ (ആർ.ബി.) വകുപ്പ്
7. തദ്ദേശസ്വയംഭരണ (ആർ.ഡി.)വകുപ്പ്
8. തദ്ദേശസ്വയംഭരണ (ആർ.എ2,ആർ.എ3) വകുപ്പ്
9. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2019 ചട്ടം 31 1(10), 1(12) എന്നിവ കാണുക.**





വിസ്തീർണ്ണത്തെ ബാധിക്കാത്ത രീതിയിൽ വികസനത്തിന് അനുയോജ്യമായി സെക്രട്ടറിക്ക് അതിന്റെ ശരിയായ സ്ഥാനം ക്രമീകരച്ച് അംഗീകരിക്കാവുന്നതാണ്.

(viii) വാഹനങ്ങൾക്ക് വിദൂര വീക്ഷണത്തിനും വളവുകളിൽ ആവശ്യമായ തിരിക്കൽ വ്യാസാർദ്ധങ്ങൾക്കുമായി തെരുവ് കവലകളുടെ അതിര് ചരിച്ചാക്കുകയോ അല്ലെങ്കിൽ വൃത്താകൃതിയിലേക്ക് ആക്കുകയോ ചെയ്യേണ്ടതും അങ്ങനെ ചരിച്ചാക്കുമ്പോൾ 10 മീറ്റർ വരെ വീതിയുള്ള റോഡിന് കുറഞ്ഞത് 4 മീറ്ററും 10 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന് കുറഞ്ഞത് 10 മീറ്ററും, താഴെ ചിത്രത്തിൽ കാണുന്നതുപോലെ വശത്തിനു സ്പ്ലേ നല്കേണ്ടതാണ്.




റോഡ് കൂടിച്ചേരുന്ന സ്ഥലത്ത് വശങ്ങൾ ചരിച്ച് നിർമ്മിക്കുന്നത്




റോഡ് കൂടിച്ചേരുന്നിടത്ത് കോണുകൾ വൃത്തത്തിലാക്കുന്നത്

(ix) രണ്ട് ഹെക്ടറുകളോ അല്ലെങ്കിൽ അതിൽ കൂടുതലോ വിസ്തീർണ്ണമുള്ള ഭൂമിയുടെ ലേഔട്ട് അല്ലെങ്കിൽ സബ് ഡിവിഷന്റെ സംഗതിയിൽ ഒരു വൈദ്യുതി ട്രാൻസ്ഫോർമറിന് അനുയോജ്യമായ സ്ഥലം വ്യവസ്ഥ ചെയ്യേണ്ടതാണ്.

(x) ഭൂമി പുനർ വിഭജനത്തിനുവേണ്ടിയുള്ള ലേ-ഔട്ടുകളുടെ സംഗതിയിൽ പാർപ്പിടാവശ്യത്തിനായുള്ള പ്ലോട്ടുകളുടെ എണ്ണം 10-ൽ കവിയുകയും പ്ലോട്ട് വിസ്തീർണ്ണം 0.5 ഹെക്ടറിന് താഴെയായിരിക്കുകയും ചെയ്താൽ ഈ ചട്ടത്തിലെ വ്യവസ്ഥകൾപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ അനുമതി നേടിയിരിക്കേണ്ടതാണ്. [1][ഭൂമി പുനർവിഭജനത്തിനായുള്ള ലേഔട്ടിന്റെ സംഗതികളിൽ വാസയോഗ്യമായ പുരയിടങ്ങളുടെ എണ്ണം 10-ൽ കുറവായിരിക്കുകയും പ്ലോട്ട് വിസ്തീർണ്ണം 0.5 ഹെക്ടറിൽ കുറവായിരിക്കുകയും ചെയ്താൽ സെക്രട്ടറിയിൽ നിന്നുള്ള അനുമതി ആവശ്യമില്ല.]

0.5 Hecter = 123.57 cent.

(xii) ഭൂമി പുനർവിഭജനത്തിനുള്ള ലേ-ഔട്ടുകളുടെ സംഗതിയിൽ പാർപ്പിടാവശ്യത്തിനായുള്ള പ്ലോട്ടുകളുടെ എണ്ണം 20-ൽ കവിയുകയോ അല്ലെങ്കിൽ ഭൂമിയുടെ വിസ്തീർണ്ണം 0.5 ഹെക്ടറിൽ കൂടുകയോ ചെയ്താൽ ജില്ലാ ടൗൺപ്ലാനറുടെ അനുമതി നേടിയിരിക്കേണ്ടതാണ്.

(xiii) സൈറ്റ്, അംഗീകരിക്കപ്പെട്ട ലേ ഔട്ടിന്റെ ഭാഗമാണെങ്കിൽ പുനർ വിഭജന ലേഔട്ടുകളുടെ പകർപ്പും അംഗീകാരത്തിനായുള്ള പ്ലാനിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

1. Added by SRO No. 638/2020, dt. 01.10.2020.

| തദ്ദേശ സ്വയംഭരണ വകുപ്പ് -നിയമലംഘനങ്ങളും ശിക്ഷയും പിഴയിനത്തിൽ ഈടാക്കാവുന്ന പരമാവധി തുകയും ( കേരള പഞ്ചായത്ത് രാജ് ആക്റ്റ് 2023 ലെ പുതുക്കൽ പ്രകാരമുള്ളത്) | | |
|---|---|---|
| സീ നം | ലംഘനം | പിഴയും ശിക്ഷയും |
| 1 | പൊതു സ്ഥലത്ത് മാലിന്യം വലിച്ചെറിയൽ | 10000/- രൂപ |
| 2 | വേർതിരിച്ച മാലിന്യം ഗ്രാമ പഞ്ചായത്തിനോ അംഗീകൃത ഏജൻസിക്കോ കൈമാറുന്നതിനുള്ള ഉത്തരവാദിത്വം കെട്ടിട ഉടമകൾ/ കൈവശക്കാർ ലംഘിച്ചാൽ (ചട്ടം 219എസി കാണുക) | 1000/- രൂപ മുതൽ 10000/- രൂപ വരെ |
| | മാലിന്യ ഉത്പാദകൻ യൂസർ ഫീ അടയക്കുന്നതിൽ വീഴ്ച വരുത്തിയാൽ (ചട്ടം 219എഡി3, 219എഡി5 കാണുക) | 50% പ്രതിമാസം പിഴയോടുകൂടി ഈടാക്കാം, സെക്രട്ടറിക്ക് ടി വ്യക്തിക്ക് സേവനം നൽകുന്നതിന് വിസമ്മതിക്കാം |
| 3 | സ്വകാര്യ വ്യക്തികളുടെ പുരയിടങ്ങളിൽ അനുമതി ഇല്ലാതെയുള്ള മാലിന്യ ശേഖരണവും മറ്റ് ലംഘനങ്ങളും (ചട്ടം 219ബി4 കാണുക) | 1000 മുതൽ 10000/- രൂപ വരെ |
| 4 | പൊതു നിരത്തുകളിലെ അല്ലെങ്കിൽ സ്വകാര്യ വ്യക്തികളുടെ പുരയിടങ്ങളിലെ മാലിന്യങ്ങളുടെ നിക്ഷേപം/ കത്തിക്കൽ/കുഴിച്ചിടൽ തുടങ്ങിയ ലംഘനങ്ങൾ ഫോട്ടോ ഉൾപ്പെടെ പരാതി നൽകുന്നവർക്കുള്ള പാരിതോഷികം (ചട്ടം 219എഫ് സി2 , സ.ഉ(ആർ.ടി) 1200/2023/LSGD Dated 09/06/2023 എന്നിവ കാണുക), | പരമാവധി 2500/- രൂപ വരെ |
| 5 | പൊതു നിരത്തുകളിലെ അല്ലെങ്കിൽ സ്വകാര്യ വ്യക്തികളുടെ പുരയിടങ്ങളിലെ മാലിന്യങ്ങളുടെ നിക്ഷേപം/ കത്തിക്കൽ/കുഴിച്ചിടൽ തുടങ്ങിയ ലംഘനങ്ങൾ സംബന്ധിച്ച് തെറ്റായി വിവരം നൽകുന്നവർക്ക് (ചട്ടം 219എഫ് സി3 കാണുക) | 10000/- രൂപ വരെ |
| 6 | കടകളുടെയും വാണിജ്യ സ്ഥാപനങ്ങളുടെയും പരിസരം വൃത്തിയായി സൂക്ഷിക്കാതിരിക്കൽ സ്ഥാപന/കെട്ടിട ഉടമയ്ക്കോ, കൈവശക്കാരനോ എതിരെ ഈടാക്കാവുന്ന പരമാവധി ശിക്ഷ/പിഴ (ചട്ടം 219ഐ 2 കാണുക) | 5000/- രൂപ മുതൽ 10000/- രൂപ വരെ |
| 7 | ഉപയോഗിച്ച വെള്ളം പൊതു സ്ഥലങ്ങളിലേക്കോ ജലാശയങ്ങളിലേക്കോ ഒഴുക്കുന്നത് തടയൽ (ചട്ടം 219 കെ 2 കാണുക) | 5000/- രൂപ മുതൽ 50000/- രൂപ വരെ |
| 8 | പൊതു സ്ഥലങ്ങളിലേക്കോ സ്വകാര്യ സ്ഥലങ്ങളിലേക്കോ മാലിന്യം വലിച്ചെറിയുന്നതിനുള്ള നിരോധനം (ചട്ടം 219 എൻ 2,3 കാണുക) | 5000/- രൂപ മുതൽ 10000/- രൂപ വരെ |
| 9 | മാലിന്യമോ ചവറോ വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നതിനുള്ള നിരോധനം (ചട്ടം 219 എസ് 3 കാണുക) | 10000/- രൂപ മുതൽ 50000/- രൂപ വരെയും, ആറ് മാസം മുതൽ ഒരു വർഷത്തിൽ കവിയാതെയുള്ള തടവും |

| | | |
|---|---|---|
| 10 | മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ കൊണ്ടുപോകുന്നതിന് ഉപയോഗിച്ച വാഹനം പിടിച്ചെടുക്കലും കണ്ടുകെട്ടലും (ചട്ടം 219 യു1,2,3,4,5 കാണുക) | സബ്ഡിവിഷണൽ മജിസ്ട്രേറ്റിന് മുമ്പാകെ ഹാജരാക്കി കുറ്റം തെളിയുന്ന പക്ഷം വാഹനം കണ്ടുകെട്ടാവുന്നതും ലേലം ചെയ്യാവുന്നതുമാണ് |
| 11 | മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ കൊണ്ടുപോകുന്നതിന് മൂടിയില്ലാത്ത വാഹനം ഉപയോഗിച്ചാൽ | 5000/- രൂപ |
| 12 | ചട്ടങ്ങളുടെ ലംഘനത്തിനുള്ള ശിക്ഷകൾ (ചട്ടം 255 കാണുക) | 10000/- രൂപ അല്ലെങ്കിൽ പ്രതിദിനം 200/- രൂപ |
| 13 | ബൈലോകളും അവയുടെ ലംഘനത്തിനുള്ള ശിക്ഷകൾ (ചട്ടം 256 കാണുക) | 10000/- രൂപ അല്ലെങ്കിൽ പ്രതിദിനം 200/- രൂപ |
| 14 | ഖരമാലിന്യ ബൈലോ ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കൽ | ആദ്യ തവണ- 10000/- രൂപ<br>രണ്ടാം തവണ- 25000/- രൂപ<br>തുടർന്നുള്ള നിയമലംഘനം - 50000/- രൂപ<br>15 ദിവസത്തിനകം പിഴ ഒടുക്കാതിരുന്നാൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാവുന്നതാണ് |
| 15 | പെർമിറ്റ് എടുക്കാതെയുള്ള കെട്ടിട നിർമ്മാണം | പെർമിറ്റ് ഫീസിൻറെ 2 ഇരട്ടി |
| 16 | കെട്ടിട നികുതി അടയ്ക്കാതിരുന്നാൽ | പ്രതിമാസം 2 ശതമാനം വീതം പലിശ ഈടാക്കാവുന്നതാണ് |
| 17 | കെട്ടിട ഉടമസ്ഥാവകാശം 3 മാസത്തിനുള്ളിൽ പഞ്ചായത്തിൽ മാറ്റം വരുത്താതിരുന്നാൽ | 500/- രൂപ പിഴ |
| 18 | ജനന മരണ രജിസ്ട്രേഷൻ | 22 ദിവസം മുതൽ 30 ദിവസം വരെ 2/-രൂപ,<br>30 ദിവസം മുതൽ 1 വർഷം വരെ 5/- രൂപ<br>1 വർഷത്തിന് ശേഷം 10/- രൂപ ലേറ്റ് ഫീ ഈടാക്കുന്നതാണ് |
| 19 | വിദേശത്ത് നടന്ന ജനനം | 60 ദിവസം മുതൽ 1 വർഷം വരെ 5/-രൂപയും |
| 19 | വിവാഹ രജിസ്ട്രേഷൻ | 45 ദിവസം |
| 19 | റെൻറ് അടയ്ക്കാതിരുന്നാൽ | മുടക്കിയ മാസം മുതൽ 2 ശതമാനം വീതം |

| | | |
|---|---|---|
| | | പ്രതിമാസം കൂടിവരുന്ന രീതിയിലാണ് പലിശ ഈടാക്കുന്നത്( ആദ്യ മാസം 2%, രണ്ടാമത്-4%, മൂന്നാമത് 6%...) |
| 20 | തൊഴിൽ നികുതി അടയ്ക്കാതിരുന്നാൽ | മുടക്കിയ മാസം മുതൽ 2 ശതമാനം വീതം പ്രതിമാസം കൂടിവരുന്ന രീതിയിലാണ് പലിശ ഈടാക്കുന്നത്( ആദ്യ മാസം 2%, രണ്ടാമത്-4%, മൂന്നാമത് 6%...) |

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണൽ**

**സെക്രട്ടറി**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണൽ,
ശ്രീമൂലം ബിൽഡിംഗ്,
കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം 35,
ഫോൺ : 0471 - 2478394

ഈ ഓഫീസിൽ നിന്നും ലഭിക്കുന്ന സേവനങ്ങളിന്മേൽ
താങ്കൾക്ക് ആക്ഷേപമുണ്ടെങ്കിൽ
ബഹു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള
ഓംബുഡ്സ്മാന്
പരാതി നൽകാവുന്നതാണ്

**വിലാസം :**

സെക്രട്ടറി
ബഹു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള
ഓംബുഡ്സ്മാൻ,
സാഫല്യം കോംപ്ലക്സ് (നാലാം നില) ട്രിഡ ബിൽഡിംഗ്സ്,
പാളയം, യൂണിവേഴ്സിറ്റി പി.ഒ., തിരുവനന്തപുരം 685034
ഫോൺ : 0471-2333542
ഇ-മെയിൽ വിലാസം : www.ombudsmanlsgker.gov.in

## റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ബാധകമായവ

GO (P) NO.1/2021/PIE & MD dated 07/10/2021 ഉത്തരവ് പ്രകാരം, ആധാർ കാർഡ്, ഏറ്റവും പുതിയ ഇലക്ട്രിസിറ്റി ബിൽ, കുടിവെള്ള ബിൽ, ടെലിഫോൺ ബിൽ, കെട്ടിട നികുതി രസീത് എന്നിവയിലേതെങ്കിലും ഹാജരാക്കിയാൽ റസിഡൻഷ്യൽ സർട്ടിഫിക്കറ്റിനു പകരമായി സ്വീകരിക്കാം. മേൽ രേഖകൾ ഇല്ലാത്തവർക്ക് മാത്രം
GO (P) NO.1/2021/PIE & MD dated 07/10/2021 ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സർട്ടിഫിക്കറ്റ് നിഷ്കർഷിക്കുന്നു.

## 8592900900

**എപ്പോഴും നിങ്ങളുടെ സേവനത്തിനായി.
അഴിമതിക്കെതിരെ പ്രതികരിക്കൂ..
പൊതു ജീവനക്കാരുടെയും സർക്കാർ ജീവനക്കാരുടെയും
അഴിമതിക്കെതിരെ പരാതി
നൽകാൻ വിളിക്കൂ..
വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
ടോൾഫ്രീ നമ്പർ**

**അഴിമതിക്കെതിരെ പടപൊരുതൂ..!**

# മീനച്ചിൽ ഗ്രാമ പഞ്ചായത്ത്

➢ജനന/മരണ/വിവാഹ (പൊതു/ഹിന്ദു) രജിസ്ട്രാർ : റോയി കെ മാത്യു
9496044663

➢ജനന/മരണ സബ് രജിസ്ട്രാർ : പൌളിൻ ജോസഫ്
9605570330

**ജനനവും മരണവും 21 ദിവസത്തിനകം രജിസ്റ്റർ ചെയ്യേണ്ടതാണ്**

## വിവരാവകാശ നിയമം 2005

### സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

ശ്രീ. റോയ് I കെ. മാത്യു
സെക്രട്ടറി
മീനച്ചിൽ ഗ്രാമ പഞ്ചായത്ത്
ഫോൺ : 9496044663

### അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

ശ്രീ. ജോഷി മാത്യു
ജൂനിയർ സൂപ്രണ്ട്
മീനച്ചിൽ ഗ്രാമ പഞ്ചായത്ത്
ഫോൺ : 9446995097

### അപ്പലേറ്റ് അതോറിറ്റി

ശ്രീ. ജോയി മാത്യു
അപ്പീൽ അധികാരി & അസിസ്റ്റന്റ് ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം
ഫോൺ 8281153819



# ഹരിതഓഫീസ്

## ജീവനക്കാരും സന്ദർശകരും പാലിക്കേണ്ട നിർദ്ദേശങ്ങൾ

### ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കൂ, മാലിന്യം ഉണ്ടാകുന്നത് കുറയ്ക്കൂ.

പേപ്പറിലും പ്ലാസ്റ്റിക്കിലും തെർമോക്കോളിലും നിർമ്മിതമായ എല്ലാത്തരം ഡിസ്പോസബിൾ വസ്തുക്കളുടേയും ഉപയോഗം പൂർണ്ണമായും ഒഴിവാക്കിയും മാലിന്യം രൂപപ്പെടുന്നതിന്റെ അളവ് പരമാവധി കുറച്ചും ജൈവമാലിന്യം വളമാക്കി മാറ്റിയും അജൈവ മാലിന്യം ശാസ്ത്രീയമായി സംസ്കരിച്ചും വീടുകളേയും സ്ഥാപനങ്ങളേയും പൊതുസ്ഥലങ്ങളേയും ജലാശയങ്ങളേയും വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ഒരു പ്രകൃതി സൗഹൃദപോംവഴിയാണ് ഗ്രീൻ പ്രോട്ടോകോൾ

### എങ്ങനെ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കാം

#### ശീലമാക്കേണ്ടത്

| | |
|---|---|
| സ്റ്റീൽ/ചില്ല് പ്ലേറ്റുകൾ, കപ്പുകൾ | ✓ |
| തുണി സഞ്ചി | ✓ |
| മഷി പേന | ✓ |
| തുണി ബാനർ | ✓ |
| പ്രകൃതി സൗഹൃദ അലങ്കാരങ്ങൾ | ✓ |
| സ്റ്റീൽ/ചില്ല് വാട്ടർ ബോട്ടിലുകൾ | ✓ |
| തുണി തൂവാല | ✓ |
| സ്റ്റീൽ ഗ്ലാസ്സുകൾ സ്പൂണുകൾ | ✓ |
| മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിക്കൽ | ✓ |
| കംമ്പോസ്റ്റിങ്ങ് | ✓ |
| പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ചുള്ള പ്രചരണം | ✓ |
| ഉപഹാരങ്ങൾക്ക് വിത്തുകളും/തൈകളും നല്കുന്ന മാതൃക പിന്തുടരൽ | ✓ |
| ആഹാരങ്ങൾ പാഴ്സലായി വാങ്ങുന്നതിനു തട്ട് പത്രങ്ങൾ | ✓ |

#### ഒഴിവാക്കേണ്ടത്

| | |
|---|---|
| ഡിസ്പോസബിൾ കപ്പുകൾ, പ്ളേറ്റ്കൾ, സ്ട്രോ, ഗ്ലാസ്കൾ, സ്പൂണുകൾ | ✗ |
| പ്ളാസ്റ്റിക് ബോട്ടിലുകൾ ടിഫിൻ ബോക്സുകൾ സഞ്ചികൾ | ✗ |
| ഫ്ളക്സ് ബാനറുകൾ | ✗ |
| പ്ളാസ്റ്റിക് ബൊക്കെകൾ അലങ്കാരങ്ങൾ | ✗ |
| പ്ളാസ്റ്റിക് പേനകൾ | ✗ |
| ടിഷ്യു പേപ്പർ, പേപ്പർ മേശവിരിപ്പ് | ✗ |
| മാലിന്യങ്ങൾ കൂട്ടിക്കലർത്തി വേസ്റ്റ് ബിന്നിൽ നിക്ഷേപിക്കുന്നത് | ✗ |
| മാലിന്യങ്ങൾ വലിച്ചെറിയുന്നതും, കത്തിക്കുന്നതും | ✗ |
| പ്ലാസ്റ്റിക് കവറുകളിൽ ആഹാരം പാഴ്സൽ വാങ്ങുന്നത് | ✗ |

## "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം"

പുനഃചംക്രമണം ചെയ്യുവാൻ കഴിയാത്ത ഏതൊരു വസ്തുവിന്റെയും ഉപയോഗം ഒഴിവാക്കുക

കേരള സർക്കാർ | ഹരിതകേരളം മിഷൻ | ശുചിത്വ മിഷൻ | स्वच्छ भारत एक कदम स्वच्छता की ओर




**ഐ.എസ്.ഒ യുടെ ഭാഗമായി മീനച്ചിൽ ഗ്രാമ പഞ്ചായത്ത് അനുവർത്തിക്കുന്ന കാഴ്ചപ്പാട്, ലക്ഷ്യം, ഗുണമേന്മ നയം**

# മീനച്ചിൽ ഗ്രാമപഞ്ചായത്ത്

## 📌 കാഴ്ചപ്പാട് (Vision)

പഞ്ചായത്ത് രാജ് മൂല്യങ്ങളിൽ ഉറച്ച് പഞ്ചായത്തിലെ സമസ്ത ജനവിഭാഗങ്ങളുടെയും ക്ഷേമ ഐശ്വര്യങ്ങൾക്കായി സത്യസന്ധമായും, സുതാര്യമായും, വികസന പങ്കാളിത്തത്തോടെ ക്ഷേമ വികസന-സേവന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് കൃത്യതയോടെ സമയ ബന്ധിതമായി പൂർത്തീകരിച്ച്, പഞ്ചായത്തിന്റെ സ്വയം നിർണയ അധികാരങ്ങൾ നിർഭയമായും ഏകതയോടും നടപ്പിലാക്കി സുസ്ഥിരവും ജനക്ഷേമകരവുമായ ഒരു പഞ്ചായത്ത് കെട്ടിപ്പടുക്കുന്നതാണ്.

## 🎯 ദൗത്യം (Mission)

മീനച്ചിൽ ഗ്രാമപഞ്ചായത്ത് ജന സൗഹൃദ സദ്ഭരണ അന്താരാഷ്ട്ര മുദ്രയുള്ളതായ ഐ.എസ്സ്.ഒ 9001 : 2015 പഞ്ചായത്തെന്ന നിലയിൽ സമയ ബന്ധിതവും കാര്യക്ഷമവുമായ പ്രവർത്തനങ്ങളിലൂടെ സമഗ്ര വികസനം എന്നതാണ് ദൗത്യം. പൊതു ജനങ്ങൾക്ക് അവകാശപ്പെട്ട സേവനങ്ങൾ ഗുണമേന്മയോടെ കാലവിളംബമില്ലാതെ നൽകുവാൻ മീനച്ചിൽ പഞ്ചായത്ത് പ്രതിജ്ഞാബദ്ധമാണ്.

## 🔰 ഗുണമേന്മാനയം (Quality Policy)

മീനച്ചിൽ ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കികൊണ്ട് കേരള സംസ്ഥാന സർക്കാരിന്റെയും, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെയും, ജില്ലാ ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളുടെയും പൂർണമായ സഹകരണത്തോടെ പൊതു ജനോപകാരപ്രദമായ സാമൂഹ്യ ശുചിത്വ ആരോഗ്യ വിദ്യാഭ്യാസ വികസന പ്രവർത്തനങ്ങളും, മാലിന്യ മുക്ത പ്രവർത്തനങ്ങളും, പരിസ്ഥിതി സംരക്ഷണ, ദുരന്ത നിവാരണ പ്രവർത്തനങ്ങളും പൗരാവകാശ രേഖ പ്രകാരമുള്ള സേവനങ്ങൾ ശുപാർശകളില്ലാതെ ക്രമ പ്രകാരം കൃത്യ സമയത്ത് പൊതു ജനങ്ങൾക്ക് നൽകി പഞ്ചായത്തിന്റെയും ജനങ്ങളുടെയും സർവ്വതോന്മുഖമായ പുരോഗതി ലക്ഷ്യമാക്കി കൊണ്ട് സമ്പൂർണ ഗുണമേന്മ പരിപാലന സംവിധാനം നടപ്പിലാക്കിയും ആയത് കാലികമാക്കി പരിശോധിച്ച് കൊണ്ടും ഒരു ജന സൗഹൃദ സദ്ഭരണ കാര്യാലയമായി നിലനിർത്തുകയാണ് പഞ്ചായത്തിന്റെ നയം.